ശ്രീ. കെ. കരുണാകരൻ: എഞ്ചിന്റെ പവ്വർ കൂട്ടൻ വേണ്ടിയുള്ളതാണ്. ആ കാര്യം തീർച്ചയായും പരിശോധിക്കാം.

വനവിഭവങ്ങളിൽനിന്നും സ്റ്റോറിന് ഉണ്ടായ വരുമാനം

*80[122] ശ്രീ. എം. വി. രാഘവൻ:

,, ഇ. പത്മനാഭൻ:

,, സി. കെ. തങ്കപ്പൻ:

,, കോടിയേരി ബാലകൃഷ്ണൻ:

,, ടി. കെ. ഹംസ: തഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വനവിഭവങ്ങളിൽനിന്നും 1984-85-ൽ സ്റ്റോറിന് ഉണ്ടായ വരുമാനമെത്ര;

(ബി) വനംവകുപ്പിന്റെ ഭരണത്തിനും വനസംരക്ഷണത്തിനുമായി ചെലവഴിച്ച തുക എത്ര;

(സി) ചെറുകിടവ്യവസായങ്ങൾ ഉൾപ്പെടെയുള്ള വ്യാവസായിക മേഖലയുടെ ആവശ്യത്തിന് 1984-85ൽ എത്ര ഘനമീറ്റർ മരം നൽകി?

വനംവകുപ്പുമന്ത്രി (ശ്രീ. കെ. പി. നൂറുദ്ദീൻ): (എ) വനവിഭവങ്ങളിൽനിന്നും 1984-85 ൽ സ്റ്റോറിന് 33 കോടി 81 ലക്ഷം രൂപ വരുമാനമുണ്ടായി.

(ബി) വനംവകുപ്പിന്റെ ഭരണത്തിനും വനസംരക്ഷണത്തിനുമായി 1984-85-ൽ 11 കോടി 48 ലക്ഷം രൂപ ചെലവഴിച്ചു.

(സി) 1984-85 വർഷത്തേയ്ക്ക് വ്യവസായ സ്ഥാപനങ്ങൾക്ക് 9300 ഘനമീറ്റർ മരവും 1,04,000 ടൺ യൂക്കാലിപ്റ്റസും അനുവദിച്ചിട്ടുണ്ട്. കൂടാതെ ചെറുകിടവ്യവസായങ്ങൾ ഉൾപ്പെടെയുള്ള സ്വകാര്യ വ്യവസായസ്ഥാപനങ്ങൾക്ക് കോടതി ഉത്തരവിൻപ്രകാരം 1984-85 കാലയളവിലേക്ക് ആകെ 24,310 ഘനമീറ്റർ തടി അലോട്ട് ചെയ്തിട്ടുണ്ട്. ഇതിനുപുറമേ പൊതുലേലത്തിൽ വിൽക്കുന്ന മരങ്ങൾ കൂടി വ്യവസായികൾ വാങ്ങുന്നുണ്ട്. ഇതിന്റെ കണക്കുകൾ പ്രത്യേകം ലഭ്യമല്ല.

ശ്രീ. എം. വി. രാഘവൻ: വനവിഭവങ്ങളിൽനിന്ന് 1984-85-ൽ സ്റ്റോറിനുണ്ടായ വരുമാനം 33.81 കോടി രൂപയാണെന്നു പറഞ്ഞു. മറ്റു വർഷങ്ങളെ അപേക്ഷിച്ച് ഇതു കുറഞ്ഞുവരികയല്ലേ? അതിന്റെ കാരണമെന്താണ്? അതുപോലെതന്നെ വ്യവസായാവശ്യത്തിനു കൊടുക്കുന്ന മരങ്ങൾ ഏത് അടിസ്ഥാനത്തിലാണ് അവർക്ക് കൊടുക്കുന്നത്? അതിനെ സംബന്ധിച്ച് വല്ല പരാതിയും ഉണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കഴിഞ്ഞ വർഷങ്ങളെ അപേക്ഷിച്ച് വരുമാനം കുറവാണ്. അങ്ങനെ കുറയാൻ കാരണം, പഴയ കാലത്ത് ഇഷ്ടംപോലെ മരം വെട്ടുന്നുണ്ടായിരുന്നു. ഇപ്പോൾ ഗവൺമെന്റ് വനസംരക്ഷണത്തിന് പ്രത്യേക പ്രാധാന്യം കൽപ്പിച്ചതുകൊണ്ട് ക്ലിയർ ഫെല്ലിംഗ് മിക്കവാറും നിറുത്തിക്കഴിഞ്ഞു. സെലക്ഷൻ ഫെല്ലിംഗ് മുഖേന കിട്ടുന്ന മരങ്ങളാണ് വ്യവസായ ആവശ്യത്തിനുപയോഗിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് സ്വാഭാവികമായും മരം കുറഞ്ഞിട്ടുണ്ട്. ചെറുകിട വ്യവസായികൾക്ക് കഴിഞ്ഞ കാലങ്ങളിൽ കൊടുത്തുകൊണ്ടിരുന്ന കോട്ടയുടെ സമ്പ്രദായത്തിനു മാറ്റം വരുത്തുകയുണ്ടായി. 50 ശതമാനം മരം മുൻവർഷത്തെ ശരാശരിവില കണക്കാക്കി അതിന്റെ അടിസ്ഥാനത്തിൽ ചെറുകിട വ്യവസായികൾക്കു കൊടുക്കുകയും ബാക്കി 50 ശതമാനം ലേലത്തിൽ വിൽക്കുകയും എന്നതാണ് ഇപ്പോൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുള്ള നടപടിക്രമം.

ശ്രീ. എം. വി. രാഘവൻ: ഇതിനെപ്പറ്റി ചെറുകിട വ്യവസായികളിൽനിന്നും വല്ല പരാതിയും കിട്ടിയിട്ടുണ്ടോ? തടി വ്യവസായത്തിന് പൂർണ്ണമായും കൊടുക്കാത്തതുകൊണ്ട് വ്യവസായം നടക്കാതിരിക്കുന്നു എന്ന പരാതിയുണ്ട്. വ്യവസായത്തിനു വാങ്ങിയ മരം വിറ്റ് കാശുണ്ടാക്കുന്നവരുണ്ട്. യഥാർത്ഥത്തിൽ വനത്തിൽനിന്നു വേണ്ട മരം വാങ്ങുന്നവർക്ക് ഇത് പര്യാപ്തമല്ലെന്നുള്ള കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കഴിഞ്ഞകൊല്ലം സെലക്ഷൻ ഫെല്ലിംഗിൽനിന്ന് കിട്ടിയ മുഴുവൻ വെള്ളമരങ്ങളും ലേലത്തിൽ വിൽക്കുന്ന ഏർപ്പാടുണ്ടായിരുന്നു. ചെറുകിട വ്യവസായികളുടെ പരാതി പരിഗണിച്ചാണ് 50 ശതമാനം എന്നു നിശ്ചയിച്ചത്. കഴിഞ്ഞ കൊല്ലത്തെ ലേലത്തിന്റെ ശരാശരി വിലവച്ചുകൊടുക്കുന്നും ബാക്കിയുള്ളത് ലേലത്തിൽ കൊടുക്കുന്നുമാണ് തീരുമാനിച്ചത്. അതേടുകൂടി കുറച്ച് ആശ്വാസം അവർക്ക് കിട്ടുമെന്ന് പ്രതീക്ഷിക്കുന്നു.

ശ്രീ. ഇ. പത്മനാഭൻ: വ്യവസായ വശ്യത്തിനുവേണ്ടി കേരളത്തിൽ ഒരുവർഷം എത്ര മരം വേണമെന്നാണ് കണക്കാക്കിയിട്ടുള്ളത്? അതിൽ എത്രയാണ് കഴിഞ്ഞവർഷം കൊടുത്തിട്ടുള്ളത്?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തെ പറഞ്ഞു. വ്യവസായ സ്ഥാപനത്തിന്റെ ആവശ്യത്തിനുവേണ്ടി മരം കൊടുത്തുകൊണ്ടിരുന്ന കോട്ടാസമ്പ്രദായം നിർത്തലാക്കി നേരത്തെ ഒരു വർഷമുള്ള കണക്കനുസരിച്ച് എഴുപത്തയ്യായിരത്തോളം ക്യുബിക് മീറ്റർ തടിയാണ് വേണ്ടി വരുന്നത് എന്നാണ് എന്റെ ഓർമ്മ. അത്രയും കൊടുക്കാൻ കഴിയുന്നില്ല. ക്ലിയർ ഫെല്ലിംഗ് നിറുത്തലാക്കിയതാണ് അതിനു കാരണം. ഇപ്പോൾ സെലക്ഷൻ ഫെല്ലിംഗ് മാത്രമേയുള്ളൂ. അതുകാരണം മരം കുറവുവരും. കഴിഞ്ഞവർഷം കൊടുത്തതിനെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ഈ വർഷം ഇതിനെക്കുറിച്ച് ചർച്ച നടത്തിയപ്പോൾ ഏതാണ്ട് അൻപതിനായിരത്തിനുമേൽ ക്യുബിക്മീറ്റർ വെള്ളത്തടി അവർക്ക് കൊടുക്കാൻ കഴിയും എന്നാണ് കണക്കാക്കിയിട്ടുള്ളത്.

ശ്രീ. ഇ. പത്മനാഭൻ: ചെറുകിട മേഖലയിൽ സ്പിൽഓവർ സ്ഥാപിക്കുന്ന അവസരത്തിൽ റിസർവ് ഫോറസ്റ്റിനോടും സ്വകാര്യ വനത്തിനോടും സമീപത്ത് തുടങ്ങാൻ പാടില്ലെന്ന നിബന്ധന വച്ചിട്ടുണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ ഈ നിബന്ധന അത്തരം വ്യവസായ സ്ഥാപനങ്ങളും സ്ഥാപിക്കുന്നവരെ വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട് എന്നുള്ളതുകൊണ്ട് അത് പിൻവലിക്കാൻ തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ആ നിബന്ധന പിൻവലിക്കാൻ പ്രയാസമുണ്ട്. സ്പിൽഓവർ സ്ഥാപിക്കുന്നവർക്ക് അതു

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് ബുദ്ധിമുട്ടുണ്ടെങ്കിലും ആ നിബന്ധന പിൻവലിച്ചാൽ വനസംരക്ഷണത്തിന് അത് വളരെയേറെ ബുദ്ധിമുട്ടുണ്ടാക്കും.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: മരവ്യവസായങ്ങളായ പ്ലൈവുഡ്, ടിമ്പർ, തീപ്പെട്ടി, തുടങ്ങിയ വ്യവസായങ്ങൾക്ക് ആവശ്യമായ മരം ലഭിക്കുന്നില്ലെന്ന ആക്ഷേപം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഗവൺമെന്റുടമസ്ഥതയിൽ പുനലൂരുള്ള പ്ലൈവുഡ് ഫാക്ടറിക്ക് ആവശ്യമായ മരം ലഭിക്കുന്നില്ല എന്ന പരാതി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: പൊതുവിലുള്ള കാര്യം ഞാൻ നേരത്തെ പറയുകയുണ്ടായി. ചെറുകിട വ്യവസായങ്ങൾക്ക് ലേലത്തിൽ പങ്കെടുക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് പ്രധാനമായും അവരുടെ പരാതി. ആ പരാതി പരിഹരിക്കുന്നതിന് 50 ശതമാനം അവർക്ക് കഴിഞ്ഞ വർഷത്തെ റേറ്റിൽ കൊടുക്കാൻ കഴിയും. പുനലൂർ ഫാക്ടറിയുടെ കാര്യത്തിലണെങ്കിൽ പതിനയ്യായിരം ക്യൂബിക് മീറ്റർ ആണ് കരാർ അനുസരിച്ച് അവർക്ക് കൊടുക്കേണ്ടത്. അതിൽ കുറെയെല്ലാം കൊടുത്തിട്ടുണ്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇല്ലാത്തതും തുടങ്ങാത്തതുമായ ഫാക്ടറികളുടെ പേരുപറഞ്ഞ് ലൈസൻസ് വാങ്ങി മരം വിൽപ്പന നടത്തുന്ന, തട്ടിപ്പ് നടത്തുന്ന, വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ? ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിക്കാർതന്നെ ഇതിനായി ഒരു ഗ്രൂപ്പ് പ്രവർത്തനം കേരളത്തിന്റെ പല ഭാഗത്തും പ്രത്യേകിച്ച് കണ്ണൂർ ജില്ലയിൽ നടത്തിവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: വ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്നും പരിശോധന നടത്തി, അന്വേഷണം നടത്തി നൽകുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് മരം കൊടുക്കുന്നത്. ഏതെങ്കിലും സ്ഥാപനം അത് ദുരുപയോഗപ്പെടുത്തുന്നുവെന്നു വന്നാൽ തീർച്ചയായും അതേക്കുറിച്ച് വനംവകുപ്പിന്റെ ഉദ്യോഗസ്ഥൻമാരെക്കൊണ്ടും വിജിലൻസുകാരെക്കൊണ്ടും അന്വേഷിപ്പിക്കാറുണ്ട്. അതുമുഖേന ഇത്തരം കാര്യങ്ങൾ കണ്ടുപിടിക്കാൻ ശ്രമിക്കാറുണ്ട്. പിന്നെ മന്ത്രിയുടെ വകുപ്പിലുള്ള ആരെങ്കിലും ഇതുപോലെ നടത്തുന്നതായി എനിക്കറിയില്ല.

ശ്രീ. പി. കെ. ഹംസ: ഗവൺമെന്റിന് വനവിഭവങ്ങളിൽനിന്നുള്ള ആദായം കുറയത്തക്കവിധത്തിൽ നിലമ്പൂർ മേഖലയിൽ ഉദ്യോഗസ്ഥൻമാരുടെ അനുഗ്രഹത്തോടുകൂടിത്തന്നെ ശക്തമായ വനംകൊള്ള നടക്കുന്നു എന്നുള്ള പരാതി ബഹുമാനപ്പെട്ട മന്ത്രിക്ക് കിട്ടിയിട്ടുണ്ടോ? ഉണ്ടെങ്കിൽ എന്തെങ്കിലും നടപടി സ്വീകരിച്ചോ? ചില കാര്യങ്ങളിൽ സ്ഥലം മാറ്റുകയും നടപടികളാരംഭിക്കുകയും ചെയ്തു. അതിൽ ഏതെങ്കിലും പൂർത്തീകരിച്ച് കോടതികളിൽ കൊണ്ടുപോവുകയോ മറ്റോ ചെയ്തിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ചില സ്ഥലങ്ങളിലെല്ലാം ഇതുപോലെ പരാതികൾ കിട്ടാറുണ്ട്. പരാതികൾ കിട്ടുന്ന അവസരത്തിൽ ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതിന്റെ ഒരു സൂചനയാണ് അദ്ദേഹം തന്നെ ഇവിടെ പറഞ്ഞത്. ചില ഉദ്യോഗസ്ഥൻമാരെക്കുറിച്ച് പരാതി കിട്ടിയപ്പോൾ അവരെ അടിയന്തിരമായി സ്ഥലംമാറ്റി അന്വേഷണം നടത്തി

LIBRARY ARCHIVES Kerala Legislative Assembly

വരികയാണ്. ഫോറസ്റ്റ് വകുപ്പുമാത്രമല്ല പോലീസ് വിജിലൻസ് വകുപ്പുകൂടി അന്വേഷണത്തിൽ പങ്കുചേരുന്നുണ്ട്.

ശ്രീ. ടി. കെ. ഹംസ: സ്ഥലംമാറ്റി എന്നു പറഞ്ഞുകൊണ്ട് അവരെ രക്ഷിക്കാനാവശ്യമായ നടപടിയാണ് ഇപ്പോൾ നടത്തിവരുന്നതെന്നും ഒരു കേസും ഇന്നേവരെ അധികാര സ്ഥാനത്ത് ബോധിപ്പിച്ചിട്ടില്ലെന്നും മന്ത്രിക്കറിയാമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ പറഞ്ഞു, പോലീസ് വിജിലൻസ്കൂടി അന്വേഷണം നടത്തുന്ന കേസ്സുകളാണ്; അവരെ രക്ഷിക്കാനല്ല, കർശനമായി ശിക്ഷിക്കാനാവശ്യമായ നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്.

ശ്രീ. കെ. മൂസ്സക്കുട്ടി: ചെറുകിട വ്യവസായികൾക്കാവശ്യമായ തടി നൽകുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു. ഏഷ്യയിലെതന്നെ ഏറ്റവും വലിയ മരവ്യവസായ കേന്ദ്രമായ കോഴിക്കോട് ജില്ലയിലെ കല്ലായിയിൽ ഇന്ന് ശോകമൂകമായ ഒരന്തരീക്ഷമാണുള്ളത്. അവിടത്തെ നൂറുകണക്കിന് സാമില്ലുകൾ പൂട്ടിയിട്ടിരിക്കുകയാണ്. ഈ സാമില്ലുകൾക്കാവശ്യമായ മരം നൽകാത്തതിന്റെ ഫലമായി ആയിരക്കണക്കിനു തൊഴിലാളികൾക്ക് തൊഴിലില്ലാതായി. ഈ സാമില്ലുകളെല്ലാം സ്വന്തംനേത്തിലായ അവസ്ഥ മാറ്റിയെടുക്കുന്നതിനുവേണ്ടി മരം കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കല്ലായി ഏറ്റവും വലിയ മരവ്യവസായ മേഖലയായിരുന്നു. അവിടെ നടന്നിരുന്ന മരക്കച്ചവടങ്ങളെല്ലാം കച്ചവടക്കാരാണ് നടത്തിയിരുന്നത്. ഗവൺമെന്റ് കോട്ടാ കൊടുത്ത് സഹായിച്ചിട്ടല്ല. കച്ചവടക്കാർ മരം വാങ്ങിക്കുകയും വിൽക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് അവിടെ മരവ്യവസായം നടന്നിരുന്നത്. കല്ലായിയിലെ മരത്തിന്റെ കാര്യത്തിലുള്ള കരച്ചിൽ തീർക്കാൻ ഇന്നത്തെ നിലയിൽ പ്രയാസമാണ്. സെലക്ഷൻ ഫെല്ലിംഗ് മാത്രമേ നടക്കുന്നുള്ളു. ക്ലിയർ ഫെല്ലിംഗ് നടക്കാത്തിടത്തോളം കാലം മരത്തിന് കുറച്ചു ക്ഷാമം വരും.

ശ്രീ. എ. സി. ജോസ്: കല്ലായിയിൽ മരക്കച്ചവടമാണ് നടക്കുന്നത്. മദ്ധ്യകേരളത്തിലെ ഏറ്റവും വലിയ മരവ്യവസായകേന്ദ്രമായ പെരുമ്പാവൂരുള്ള 100-150 സാമില്ലുകൾ പൂട്ടിക്കിടക്കുകയാണ്. അസംഖ്യം തൊഴിലാളികൾക്ക് തൊഴിലില്ലാതായിട്ടുണ്ട്. ഇതു പരിഗണിച്ച് യഥാർത്ഥത്തിലുള്ള സാമില്ലുകൾക്ക് എന്തെങ്കിലും നിയന്ത്രണങ്ങൾവച്ചുകൊണ്ട് യഥാർത്ഥ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിനാവശ്യമായ തടി കോട്ടാ അടിസ്ഥാനത്തിൽ കൊടുക്കുന്നതിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ ആദ്യം ചൂണ്ടിക്കാണിച്ചതുപോലെ നേരത്തെ കോട്ടാസമ്പ്രദായം നിലനിന്നിരുന്ന സ്ഥാപനങ്ങളിൽ പുതിയ മാറ്റത്തിന്റെ അടിസ്ഥാനത്തിലുള്ള ആനുകൂല്യം കിട്ടും.

ശ്രീ. പി. സി. കബീർ: നമ്മുടെ സംസ്ഥാനത്ത് എല്ലാ കൊല്ലവും ജനുവരിമുതൽ മേയ്മാസംവരെ അനേകായിരം ഹെക്ടർ വനഭൂമി ആളുകൾ തീവച്ച് നശിപ്പിക്കുന്നുണ്ട്. ഒറ്റ കേസുപോലും അതിന്റെ പേരിൽ എടുത്തതായി കാണുന്നില്ല. സ്വാഭാവികമായി ഉണ്ടാകുന്ന ഒരു സംഭവ

LIBRARY ARCHIVES Kerala Legislative Assembly

മൊന്നുമല്ല. അനേകായിരം ഹെക്ടർ വനം നശിപ്പിക്കുന്നതിനെതിരെ എന്തെങ്കിലും നടപടി ഗവൺമെന്റ് ഇതുവരെ സ്വീകരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഭാവിയിലെങ്കിലും ഇത്തരം നടപടികളും സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കാട്ടുതീയുടെ കാര്യത്തെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരിയാണ്. കാട്ടുതീ പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയ ണ്. പലപ്പോഴും ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതിനു പ്രത്യേകമായി ട്രെയിനിംഗ് കൊടുക്കുവാനുള്ള ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും ഇത് ഫലപ്രദമായി തടയുന്നതിന് കുറച്ചുകൂടി സാമ്പത്തികമായിട്ടുള്ള ശേഷി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരികയാണ്.

ശ്രീ. പി. സീതിഹാജി: വനസംരക്ഷണത്തിന്റെ പേരിൽ ക്ലിയർ ഫെല്ലിംഗ് സമ്പ്രദായം നിറുത്തിയെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇതിന്റെ ഫലമായി കല്ലായിയിലും പെരുമ്പാവൂരിലുമൊക്കെ ഉള്ള സാമില്ലുകളും പൂട്ടിയിട്ടിരിക്കുകയ ണ്. ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലില്ല. അതുകൊണ്ട് പുതിയ മരം വച്ചുപിടിപ്പിക്കൽ പരിപാടി ആ തൊഴിലാളികളെ ഏൽപ്പിച്ചുകൊടുക്കുന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: സാമൂഹ്യ വനവൽക്കരണ പ്രവർത്തനത്തിലെ തൊഴിലിനു പറ്റുന്ന യേ ഗൃതയുള്ളവരാണെങ്കിൽ അവർക്ക് തൊഴിൽ കൊടുക്കുന്നതിന് വിരോധമില്ല. പക്ഷേ അവർക്ക് എത്രമാത്രം കഴിയുമെന്ന് എനിക്കറിയില്ല. കാരണം ഇതിന് ശരിയായിട്ടുള്ള അദ്ധ്വാനം ആവശ്യമാണ്. വേലികെട്ടലും കുഴികുഴിയ്ക്കലും തൈ വയ്ക്കലുമൊക്കെയുണ്ട്. അവർക്ക് ഇത് എത്രമാത്രം ചെയ്യാൻ കഴിയുമെന്നെനിക്കറിയില്ല.

ശ്രീ. കെ. ടി. കണാരൻ: ഈ ഗവൺമെന്റ് വന്നതിനുശേഷം ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് മുഖേന സൗജന്യ നിരക്കിലോ സൗജന്യമായോ മന്ത്രിമാർക്കോ എം. എൽ. എ. മാർക്കോ രാഷ്ട്രീയ പാർട്ടി നേതാക്കൻമാർക്കോ മറ്റു പ്രമാണിമാർക്കോ ഏറ്റവും നല്ല മരങ്ങളും സ്വന്ത ആവശ്യത്തിനുവേണ്ടി അനുവദിച്ചിട്ടുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഒറ്റ ആൾക്കും അനുവദിച്ചിട്ടില്ല.

ശ്രീ. വി. ജെ. തങ്കപ്പൻ: സർക്കാർ അധീനതയിൽ മരമുപയോഗിച്ച് വ്യവസായം നടത്തുന്ന സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന വ്യവസായ യൂണിറ്റുകളുണ്ട്. അതുപോലെ മരമുപയോഗിച്ച് പണി നടത്തുന്ന ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളുണ്ട്. ചെറുകിട വ്യവസായ യൂണിറ്റുകളുണ്ട്. ഇവർക്കെല്ലാം തടി നൽകുന്നത് ഒരേ കൺസഷണൽ റേറ്റിലാണോ? അതോ വ്യത്യസ്തമായ കൺസഷണൽ റേറ്റിലാണോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഞാൻ നേരത്തേ പറഞ്ഞു. വ്യവസായ ഡിപ്പാർട്ടുമെന്റിൽനിന്ന് ഓരോ സ്ഥാപനത്തിനേയും അവസ്ഥകൾ പരിശോധിച്ച് അവർ നൽകുന്ന ലിസ്റ്റനുസരിച്ചാണ് ഇപ്പോൾ തടി നൽകിവരുന്നത്. റേറ്റെല്ലാം ഒരുപോലെയാണ്, നേരത്തെ പറഞ്ഞതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിലാണ്. 50 ശതമാനം ആ വിധത്തിലും ബാക്കി 50 ശതമാനം ലേലത്തിലുമാണ് ഇപ്പോൾ കൊടുക്കുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ: പെരുമ്പാവൂരിൽ നൂറുനൂറ്റൻപത് സാമില്ലുകളിലെ ആയിരക്കണക്കിന് തൊഴിലാളികൾ കോട്ടാമരം കിട്ടാത്തതുകൊണ്ട് പട്ടിണിയിലാണ്. അതിന് ഓർഡർ കൊടുത്തു എന്ന് മന്ത്രി ഇപ്പോൾ പറയുകയുണ്ടായി. ആ ഓർഡർ അനുസരിച്ച് ഏതണ്ട് മൂന്നു മാസത്തോളമായി ഇതേവരെ ഒരു മീറ്റർ തടിപോലും ആ സാമില്ലുകാർക്ക് കിട്ടിയിട്ടില്ല എന്നുള്ള വസ്തുത മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഇതേവരെ അതിനു നടപടി ഒന്നും ഉണ്ടായിട്ടില്ല. വളരെ കഷ്ടകരമായ കാര്യമാണ്. അതുകൊണ്ട് അടിയന്തിരമായി അത് കിട്ടാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഓർഡർ കൊടുത്തതനുസരിച്ച് എന്തുകൊണ്ട് നടപ്പിലായില്ല എന്നുള്ളത് എത്രയും പെട്ടെന്ന് അന്വേഷിക്കാം. നടപടി സ്വീകരിക്കുകയും ചെയ്യാം.

ശ്രീ. ഇ. കെ. നായനാർ: വനവിഭവങ്ങളിൽനിന്നുള്ള വരവിനെ സംബന്ധിച്ചായിരുന്നു മറുപടി. 33 കോടി എന്നാണ് പറഞ്ഞത്. പക്ഷേ വനസമ്പത്തുപയോഗിച്ചുള്ള വ്യവസായം എല്ലാ സ്ഥലത്തും തകർച്ചയിലാണെന്നാണ് റിപ്പോർട്ട്. പെരുമ്പാവൂരിലും കേരളത്തിലൊക്കെ അതാണ് സ്ഥിതി. പുനലൂർ പ്ലൈവുഡ് ഫാക്ടറിയിലെ ഏറ്റവും ഒടുവിലത്തെ എം. ഡി. ലക്ഷക്കണക്കിന് രൂപയുടെ മരം വെട്ടിയെടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിനെ വഞ്ചിച്ച് തട്ടിപ്പ് നടത്തിയെന്ന് പത്രങ്ങളിൽ വാർത്ത വന്നു. അത് ആ പ്ലൈവുഡ് ഫാക്ടറിയെ ഏറ്റവും അധികം ബാധിച്ചിട്ടുണ്ടെന്നാണ് പത്രറിപ്പോർട്ട് പറയുന്നത്. മാത്രമല്ല ഏറ്റവും ഒടുവിലത്തെ (1983-84 ലെ) ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ പറയുന്നത് ഈ ഗവൺമെന്റിന്റെ ഫോറസ്റ്റ് പോളിസിയുടെ ഫലമായി, 1982-83 ൽ 20.41 ലക്ഷം രൂപയുടെ ആദായം ഉണ്ടായിരുന്നത് 1983-84-ൽ 3.2 ലക്ഷമായി എന്നാണ്. 20 ലക്ഷത്തിൽനിന്നും 3 ലക്ഷമായി ചുരുങ്ങിയിരിക്കുകയാണ്. ഇത് ആഡിറ്റർ ജനറലിന്റെ റിപ്പോർട്ടാണ്. വനവിഭവങ്ങളുപയോഗിക്കുന്ന വ്യവസായങ്ങളെ നിങ്ങൾ അംഗീകരിച്ച നയം അങ്ങേയറ്റം കുളം തോണ്ടിയിരിക്കുന്നുവെന്നു തെളിഞ്ഞിരിക്കുകയാണ്. അതുകൊണ്ട് അതിനെപ്പറ്റി പുനഃചിന്തനമുണ്ടോ? കട്ടുമുടിക്കുന്നവരെപ്പറ്റി അന്വേഷണമുണ്ടോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കട്ടുമുടിക്കുന്നവരെ സംബന്ധിച്ച് തീർച്ചയായും നടപടിയുണ്ട്. അനുവദിക്കുന്ന മരങ്ങൾ എത്രമാത്രം ഓരോ വ്യവസായ സ്ഥാപനവും ഉപയോഗിക്കുന്നു, അതിന്റെ ഫലമായിട്ട് എത്രപേർക്ക് തൊഴിൽ കിട്ടുന്നു, എത്ര നികുതി കിട്ടുന്നു, അതിനുള്ള സാദ്ധ്യതകൾ ഇതെല്ലാം ഓരോ വർഷവും വ്യവസായ ഡിപ്പാർട്ടുമെന്റ് പരിശോധിച്ചതിനുശേഷമാണ് അവരുടെ സ്റ്റേറ്റുമെന്റ് തരുന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് അലോട്ടുമെന്റ് കൊടുക്കുന്നത്.

ശ്രീ. പി. വി. കുഞ്ഞിക്കണ്ണൻ: ഇവിടെ ഉത്തരം പറയുന്ന കൂട്ടത്തിൽ അങ്ങനെ സൗജന്യമായിട്ട് ആർക്കും കൊടുത്തിട്ടില്ലെന്ന് ഒറ്റവാക്കിൽ ഉത്തരം തന്നു. എന്നാൽ അങ്ങനെ വല്ലതും കൊടുത്തതായി തെളിയിച്ചാൽ ആവശ്യമായ നടപടി എടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. നൂറുദ്ദീൻ: യാതൊരു സംശയവുമില്ല. ഏതെങ്കിലും രാഷ്ട്രീയ നേതാക്കന്മാരോ ഏതെങ്കിലും എം. എൽ. എ. മാർക്കോ കൊടുത്തിട്ടുണ്ടോ എന്നാണ് ചോദ്യം. ഒരു രാഷ്ട്രീയ നേതാവിനും ഒരു എം. എൽ. എ. യ്ക്കും കൊടുത്തിട്ടില്ല. കൊടുത്തു എന്നു തെളിയിച്ചാൽ കർശനമായ നടപടികളും സ്വീകരിക്കുന്നതാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: വനത്തിൽനിന്ന് തൃശ്ശൂരിലെ കോൾ നിലത്തിൽ വർഷംതോറും ടെമ്പററി ബണ്ട് നിർമ്മിക്കുന്നതിന് ആവശ്യമായിട്ടുള്ള മുള നൽകാൻ പുഞ്ച സ്പെഷ്യൽ ആഫീസർമാരോ കളക്ടറോ നിർദ്ദേശിക്കുന്നതനുസരിച്ച് പെർമിറ്റ് കൊടുക്കാറുണ്ട്. എന്നാൽ കഴിഞ്ഞ കൊല്ലം മുതൽ ആ പെർമിറ്റ് ഫൈനാൻസ് ഡിപ്പാർട്ടുമെന്റ് തടസ്സപ്പെടുത്തിയതുമൂലം കിട്ടുന്നില്ല. കഴിഞ്ഞ കൊല്ലം കിട്ടിയില്ല. ഈ കൊല്ലം കളക്ടർ നേരത്തെ നിർദ്ദേശിച്ചതനുസരിച്ച് വനംവകുപ്പിൽ നിന്ന് ഓർഡർ ഇഷ്യൂ ചെയ്തു; എങ്കിലും ഫൈനൻസ് ഡിപ്പാർട്ടുമെന്റ് അത് തടഞ്ഞുവച്ചിരിക്കയാണ്. വനംവകുപ്പിൽനിന്ന് കൊടുക്കുന്ന ഓർഡർ പ്രകാരം ആ മുള കൃഷിക്കാർക്ക് ലഭ്യമാക്കുന്നതിന് എന്തെങ്കിലും സൗകര്യം ഉണ്ടാക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: കഴിഞ്ഞ കൊല്ലത്തെ കാര്യം ഇവിടെ പറഞ്ഞത് ശരിയാണ്. ബഹുമാനപ്പെട്ട മെമ്പറും സൂചിപ്പിച്ചതുപോലെ ഒരു വിഷയമാണ്. കഴിഞ്ഞ പ്രാവശ്യം അനുവദിച്ചുവെങ്കിലും അവസാനം അത് അവർക്ക് കിട്ടിയില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽത്തന്നെ ബന്ധപ്പെട്ട ഡിപ്പാർട്ടുമെന്റുകളുടെയെല്ലാം ഒരു കോൺഫറൻസ് ഈയിടെ ചേർന്നു. അതിൽ വിശദമായി ചർച്ച നടത്തി. ആ ചർച്ചയിൽ സാങ്കേതിക പ്രശ്നങ്ങളും പരിഹരിച്ചുകൊണ്ട് മുള കൊടുക്കുവാനാണ് ആലോചിച്ചത്. ആ കാര്യം പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: കഴിഞ്ഞ സമ്മേളനകാലത്ത് മുഖ്യമന്ത്രിയും ഞാനും വനംവകുപ്പുമന്ത്രിയുമെല്ലാം പങ്കെടുത്ത ഒരു കോൺഫറൻസിൽ ചൂരൽത്തൊഴിലാളികളാണ്—വർക്കലയിലാണ് ഏറ്റവും കൂടുതൽ ചൂരൽത്തൊഴിലാളികളുള്ളത്—ആവശ്യമായിട്ടുള്ള ചൂരൽ കൊടുക്കുന്നതിനു നടപടിയെടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. പണ്ട് യഥാർത്ഥ ചൂരൽത്തൊഴിലാളികൾ സീനിയറേജ് അടിച്ചിട്ടാണ് ചൂരൽ വെട്ടിക്കൊണ്ടിരുന്നത്. അത് ഇപ്പോൾ ഹരിജൻ—ഗിരിജൻ വർക്കേഴ്സിനു കൊടുത്തു. എന്നാൽ അവരത് വെട്ടുന്നുമില്ല. അത് ആ സമ്മേളനത്തിൽ ബോദ്ധ്യമായതാണ്. ചീഫ് കൺസർവേറ്റർ പറഞ്ഞു, ഇവർക്ക് തൊഴിൽ ഉണ്ടാക്കുന്നതിനുവേണ്ടി ചൂരൽ കൊടുക്കണമെന്ന്. അതിനനുസരിച്ചുള്ള നടപടികൾ അടിയന്തിരമായി ചെയ്തു. അവർക്ക് ചൂരൽ കൊടുക്കാനുള്ള ഏർപ്പാട് ചെയ്യുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ചർച്ചയിൽവച്ച് എടുത്ത തീരുമാനം തന്നെ ഹരിജൻ ഗിരിജൻ ഫെഡറേഷൻ വഴിയുള്ള ചൂരൽ വിതരണം കുറെക്കൂടി ഫലപ്രദമാക്കണമെന്നാണ്; അതുപോലെതന്നെ അവർ അനുവദിച്ചിട്ടുള്ള കോട്ട കൊടുക്കുന്നതിൽ എവിടെയാണ് ഇത് കിട്ടാതിരിക്കുന്നത് എന്നുള്ളത് കണ്ടുപിടിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ളതാണ്. ആ നടപടിയുമായിട്ടാണ് ഇപ്പോൾ മുന്നോട്ടു പോകുന്നത്. അതിന് വേഗത കൂട്ടാൻ ആവശ്യമായ നിർദ്ദേശം കൊടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഭാനപ്പൻ നമ്പാടൻ: ആസ്സാം തുടങ്ങിയ മറ്റു സംസ്ഥാനങ്ങളിൽനിന്നും കേരളത്തിലെ വ്യവസായികളും ചുരുങ്ങിയ വിലയ്ക്ക് മരം കൊണ്ടുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആ സംസ്ഥാനങ്ങളിൽ വനസംരക്ഷണനിയമം നിലവിലില്ലേ എന്ന് ഗവൺമെന്റ് അന്വേഷിക്കേണ്ടതാണ്.

ശ്രീ. കെ. പി. നൂറുദ്ദീൻ: മറ്റു രാജ്യങ്ങളിൽനിന്നു മരം കൊണ്ടുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിലയെപ്പറ്റി എനിക്ക് നിശ്ചയമില്ല. അവിടെ ധാരാളം മരം ഉണ്ടാകും. നമുക്ക് ഇവിടെ അത്രമാത്രം മരം വെട്ടിയെടുക്കാൻ ഇല്ല, അതുകൊണ്ടാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോഴും മരം ആധാരമാക്കിയുള്ള വ്യവസായം ഇവിടെ രക്ഷപ്പെടുകയില്ല എന്ന് മുകസാക്ഷിയായി ഇവിടെ പറഞ്ഞു. അങ്ങനെയാണെങ്കിൽ ഈ കേരളത്തിൽപ്പോലും ചില സ്വകാര്യ വ്യവസായികളും ആൻഡമാൻ, നിക്കോബാർ, ബർമ്മ, തായ്ലാന്റ് തുടങ്ങിയ രാജ്യങ്ങളിൽനിന്ന് ഇൻഡ്യാ ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി കുറഞ്ഞ വിലയ്ക്ക് മരം ഇറക്കുമതി ചെയ്യുന്നു. നമ്മുടെ ചെറുകിട വ്യവസായികളെക്കൊണ്ട് ഇറക്കുമതി ചെയ്യാൻ കഴിയുകയില്ല. ആ നിലയ്ക്ക് നമ്മുടെ മരവ്യവസായത്തിന് ശക്തി നൽകുന്നതിനുവേണ്ടി ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ വഴിയോ ഒരു ടിമ്പർ ഇമ്പോർട്ട് കോർപ്പറേഷൻ ഉണ്ടാക്കി അതുവഴിയോ മേൽപ്പറഞ്ഞ രാജ്യങ്ങളിൽനിന്ന് മരം ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ? അങ്ങനെ ഈ വ്യവസായത്തെ രക്ഷിക്കാനുള്ള നടപടികളെടുക്കുമോ?

ശ്രീ. കെ. പി. നൂറുദ്ദീൻ: അങ്ങനെയൊരു നിർദ്ദേശം നമ്മുടെ സംസ്ഥാനത്ത് ചെറുകിടവ്യവസായികളും മുന്നോട്ടു വച്ചിട്ടുണ്ട്. അത് ഒരു പ്രത്യേകമായിട്ടുള്ള നിർദ്ദേശവുമാണ്. പക്ഷേ ഇത് ഡിപ്പാർട്ടുമെന്റ് എങ്ങനെ കൈകാര്യം ചെയ്യണമെന്നുള്ളതു കുറച്ചുകൂടി ആലോചിച്ചു ചെയ്യുവാനുള്ള ഒരു വിഷയമാണ്. തീർച്ചയായും ഏതെങ്കിലും ഒരു ഡിപ്പാർട്ടുമെന്റ് അതിനു മുന്നോട്ടുവരുന്നുവെങ്കിൽ സ്വാഗതാർഹമാണെന്നുള്ള ഒരു സമീപനമാണുള്ളത്. സിഡ്കോ തന്നെ ഒരു ഘട്ടത്തിൽ ഇങ്ങനെയൊരാലോചന നടത്തിയതായി അറിയുന്നു. ഫോറസ്റ്റ് ഡവലപ്പ്മെന്റ് കോർപ്പറേഷനെക്കൊണ്ട് ചെയ്യിക്കാൻ കഴിയുമോ എന്നുള്ള കാര്യവും പരിശോധിക്കുന്നതാണ്.

ശ്രീ. ഒ. ഭരതൻ: നമ്മുടെ സംസ്ഥാനത്തിലെ മരം ഉപയോഗിച്ച് നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വ്യവസായസ്ഥാപനമാണ് മാവൂർ ഗ്വാളിയർ റയോൺസ്. മാവൂർ ഗ്വാളിയർ റയോൺസ്, അവർക്കാവശ്യമായിട്ടുള്ള മരവിഭവങ്ങളും സ്വയമേവ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി ഒരു നിശ്ചിതസ്ഥലം ഗവൺമെന്റ് അനുവദിച്ചുകൊടുക്കുകയാണെങ്കിൽ അവിടെ അവർക്കാവശ്യമുള്ള മരം നട്ടുവളർത്തി ഉപയോഗിക്കാമെന്നു കാണിച്ച് ഒരു പരിപാടി ഗവൺമെന്റിന്റെ മുമ്പാകെ വച്ചിട്ടുണ്ട്. ആ നിർദ്ദേശത്തെപ്പറ്റി ഒരു അഭിപ്രായ സമന്വയമുണ്ടാക്കി ആ വ്യവസായ സ്ഥാപനത്തെ പുനരുദ്ധരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചുകൂടേ?

ശ്രീ. കെ. പി. നൂറുദ്ദീൻ: ഇവിടെ ഗ്വാളിയർ റയോൺസ് സ്വന്തമായി മരം വച്ചുപിടിപ്പിക്കുന്നതിനുള്ള ഒരു കാര്യം പറഞ്ഞു. സ്വകാര്യ

LIBRARY ARCHIVES Kerala Legislative Assembly

വനഭൂമി ഏറ്റെടുത്ത അവസരത്തിൽ അവരുടെ കുറെ ഭൂമി ഏറ്റെടുത്തിട്ടുണ്ട്. അത് അവർക്ക് തന്നെ തിരിച്ചേൽപ്പിക്കണമെന്നാണ്. അവിടെ അവർതന്നെ സ്വന്തമായി മരം വച്ചുകൊള്ളുമെന്നാണ് പറയുന്നത്. അവരുടെ ആ ആവശ്യം ഏതായാലും നമുക്ക് അംഗീകരിക്കാൻ സാദ്ധ്യമല്ല. അത് ഗവൺമെൻറിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയാണ്. അതു സംബന്ധിച്ച് കേസും നിലവിലുണ്ട്. പക്ഷേ ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ചപോലെ അവരും ഗവൺമെൻറും (വനം വകുപ്പും) തമ്മിൽ സംയുക്തടിസ്ഥാനത്തിൽ ഏതെങ്കിലും സ്ഥലത്ത് പ്ലാൻറ് ചെയ്യാൻ പറ്റുമോ എന്നുള്ളതിനെപ്പറ്റി കഴിഞ്ഞ നിയമസഭയിൽ ഞാൻ പറഞ്ഞതിൻറെ അടിസ്ഥാനത്തിൽ ഡിപ്പാർട്ടുമെൻറുദ്യോഗസ്ഥൻമാർ അവരുമായിട്ട് ചർച്ച നടത്തിയിട്ടുണ്ട്. അതുപോലെതന്നെ എച്ച്. പി. സി. യുമായി ചർച്ച നടത്തിയിട്ടുണ്ട്. അതുപോലുള്ള വൻകിടവ്യവസായങ്ങൾക്ക് അസംസ്കൃതപദാർത്ഥത്തിൻറെ ക്ഷാമം ഭാവിയിൽ പരിഹരിക്കാൻ ആവശ്യമായ നടപടികളും ഗവൺമെൻറ് സ്വീകരിച്ചുവരികയാണ്.

സഹകരണ പ്രസ്ഥാനത്തിന് അർഹതപ്പെട്ട ഗ്രാൻറ്, ലോൺ

81 *(123) ശ്രീ. കെ. ടി. കണാരൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. ഇ. ഇസ്മയിൽ:
,, കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിൽ സഹകരണ പ്രസ്ഥാനത്തിൻറെ കഴിഞ്ഞ വർഷങ്ങളിലെ പെർഫോർമൻസിൻറെ അടിസ്ഥാനത്തിൽ ഇക്കൊല്ലം കേന്ദ്രത്തിൽനിന്നും ലഭിക്കുവാനർഹതപ്പെട്ട ഗ്രാൻറ്, ലോൺ ഇനങ്ങളിലുള്ള തുക എത്ര?

സഹകരണ വകുപ്പുമന്ത്രി (ശ്രീമതി എം. കമലം): ഇക്കൊല്ലം കേന്ദ്രത്തിൽനിന്നും അഗ്രികൾച്ചറൽ ക്രെഡിറ്റ് സ്റ്റെബിലൈസേഷൻ ഫണ്ടിലേക്ക് ഗ്രാൻറായി 18 ലക്ഷം രൂപയും ലോണായി രണ്ടുലക്ഷം രൂപയും കൺസ്യൂമർ സഹകരണ സംഘങ്ങളിലെ വികസനത്തിലേക്ക് ഗ്രാൻറായി 20 ലക്ഷം രൂപയും ലോണായി 70 ലക്ഷം രൂപയും ഓഹരിയായി 227 ലക്ഷം രൂപയും വകയിൽ ആകെ മൊത്തം 337 ലക്ഷം രൂപ കിട്ടുന്നതിനുവേണ്ടി സംസ്ഥാന ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ ശരിക്ക് ലഭിക്കാനുള്ള തുക അതാതുസ്കീമനുസരിച്ച് പിന്നീടേ അറിയാൻ കഴിയുകയുള്ളു.

ശ്രീ. കെ. ടി. കണാരൻ: കേന്ദ്രത്തിൽനിന്ന് ലഭിക്കുന്ന ലോണും ഗ്രാൻറും സഹകരണമേഖലയിലെ ജീവനക്കാരുടെ താൽപ്പര്യത്തിനനുസരിച്ചാണോ വിനിയോഗിച്ചുവരുന്നത്? അങ്ങനെയാണെങ്കിൽ ഏതെല്ലാം രംഗങ്ങളിലാണ് ഈ തുക വിനിയോഗിക്കുന്നത് എന്നു വ്യക്തമാക്കുമോ?

ശ്രീമതി എം. കമലം: ഇങ്ങനെ ലഭിച്ചുവരുന്ന തുക മൊത്തത്തിൽ അതാതുസ്കീമനുസരിച്ചാണ് ചെലവഴിക്കുന്നത്. ജീവനക്കാരുടെ താൽപ്പര്യവും ഇതിൽ ഉൾക്കൊള്ളിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിക്കുന്നത് കേന്ദ്രാവിഷ്കൃത പദ്ധതിയനുസരിച്ച് ലഭിക്കുന്ന തുകയിൽ നിന്നുള്ള സ്റ്റെബിലൈസേഷൻ സ്കീം, അതായത് ലോൺ

LIBRARY ARCHIVES Kerala Legislative Assembly